# വ്യാജ ചാരായ വാറ്റ് കേന്ദ്രം പോലീസ് കണ്ടെത്തി

എടത്തല പോലീസ് സ്റ്റേഷൻ പരിധിയിലെ കുഞ്ചാട്ടുകര മുതിരപ്പാടം ജംഗ്ഷനു സമീപം വ്യാജ ചാരായ വാറ്റ് കേന്ദ്രം നടത്തിവന്നിരുന്നവരെ എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് പുതിയതായി രൂപീകരിച്ച നാർകോട്ടിക് സെൽ DySp ശ്രീ.വി.കെ.സനിൽകുമാറിൻെറ നേതൃത്വത്തിലുള്ള ആൻറി നാർകോട്ടിക് സ്പെഷ്യൽ ടീം നടത്തിയ റെയ്ഡിൽ പിടികൂടി.

കളമശ്ശേരി സ്വദേശി സേവ്യാർ എന്നയാളുടെ വീട് വാടകയ്ക്കെടുത്ത് ഈ വീട് കേന്ദ്രീകരിച്ച് അയൽവാസികൾപോലും അറിയാതെ അതീവ രഹസ്യമായാണ് വ്യാജ ചാരായ വാറ്റ് കേന്ദ്രം നടത്തിവന്നിരുന്നത്. വിഷുവിനും, ഈസ്റ്ററിനും വിതരണം നടത്തുന്നതിനായാണ് ഇത്തരത്തിൽ വ്യാജ ചാരായ വാറ്റ് നടത്തിവന്നിരുന്നത്.

ഇടപ്പള്ളി മാളിയേക്കൽ അലി മകൻ യൂനസ് (38), തൃപ്പൂണിത്തുറ ഏരൂർ പടിഞ്ഞാറെമുറിപ്പറമ്പിൽ ധനഞ്ജയൻ മകൻ ദീപു (37), പട്ടിമറ്റം താണിക്കൽ നവാസ് മകൻ അനസ് (20) എന്നിവർ ചേർന്നാണ് വ്യാജ ചാരായ വാറ്റ് കേന്ദ്രം നടത്തിയിരുന്നത്. ഇവരിൽ നിന്നും ഏകദേശം 700 ലിറ്റർ വാഷും, 20 ലിറ്റർ വ്യാജ ചാരായവും, 8 ചാക്ക് ശർക്കരയും വാറ്റാനുപയോഗിച്ച ഉപകരണങ്ങളും പിടിച്ചെടുത്തു.

ബഹു. സൗത്ത് സോൺ എ.ഡി.ജി.പി ശ്രീമതി ബി.സന്ധ്യ. ഐ.പി.എസ് ൻെറ നിർദ്ദേശാനുസരണം സോണിനു കീഴിലെ ജില്ലകളിൽ വ്യാജ മദ്യത്തിനും, മയക്കുമരുന്നിനുമെതിരെ നടത്തുന്ന വ്യാപക റെയ്ഡിൻെറ ഭാഗമായാണ് എറണാകുളം റൂറൽ ജില്ലയിലും റെയ്ഡ് നടത്തിവരുന്നത്. നാർകോട്ടിക് സെൽ DySp ശ്രീ.വി.കെ.സനിൽകുമാറിൻെറ നേതൃത്വത്തിൽ എടത്തല സബ്ബ് ഇൻസ്പെക്ടർ നോബിൾ.പി.ജെ, നാർകോട്ടിക് സ്പെഷ്യൽ ടീം അംഗങ്ങളായ എസ്.ഐ ജോയി, പോലീസുകാരായ രാജേഷ്, ശ്യാംകുമാർ, ജാബിർ, മനോജ്, നിഖിലേഷ്, പ്രശാന്ത്, അഖിൽ, രൂപേഷ്, ശ്യാംലാൽ, സലീഷ്, മുഹമ്മദ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് റെയ്ഡിൽ പങ്കെടുത്തത്.

പ്രതിയേയും വാറ്റാനുപയോഗിച്ച ഉപകരണങ്ങളും, വാഷും എടത്തല പോലീസ് സ്റ്റേഷനിലെത്തിച്ച് കേസ് രജിസ്റ്റർ ചെയ്ത് കൂടുതൽ അന്വേഷണം നടത്തി വരുന്നു.